പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3013 **29-10-2026-ൽ മറുപടിയ്ക്ക്**

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ സീറ്റ് ക്ഷാമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. കെ. ഫിറോസ്	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ സീറ്റ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

മറുപടി: കുട്ടികൾ കൂടുതലും സർക്കാർ / എയ് ഡഡ് സ്കൂളുകളിലെ കോഴ്സുകളുടെ സീറ്റുകൾ തെരഞ്ഞെടുക്കുന്നതിനാൽ മതിയായ സീറ്റുകൾ ലഭ്യമല്ലായിരുന്നു. 2026-27 അധ്യയന വർഷത്തെ പ്രവേശന നടപടികൾ മുഖ്യഘട്ടം പൂർത്തീകരിച്ച ശേഷം സ്ഥിതിഗതികൾ വീണ്ടും പരിശോധിച്ച് ആയതിന്റെ കുറവ് പരിഹരിക്കുന്നതിനായി പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ 120 താൽക്കാലിക അധിക ബാച്ചുകൾ അനുവദിക്കുകയുണ്ടായി. കൂടാതെ ആവശ്യകതയനുസരിച്ച് മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ചിട്ടുണ്ട്. 2027-28 അധ്യയന വർഷത്തേക്കുള്ള ആവശ്യകത പഠനം നടന്നു വരുന്നു. 2027-28 അധ്യയന വർഷത്തെ പ്രവേശന നടപടികൾ ആരംഭിക്കുന്നതിനു മുൻപായി ആവശ്യമായ സീറ്റുകൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ